901
19/1/21

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 20.01.2016 - ലെ സ . ഉ ( പി ) നം . 7/2016/ ധന നമ്പർ ഉത്തരവിന്റെ ആനുകൂല്യം ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (ബി) വകുപ്പ്

സ.ഉ.(കൈ) നം.2/2021/ടൂറിസം തീയതി,തിരുവനന്തപുരം, 18/01/2021

പരാമർശം:- 1 . സ . ഉ ( പി ) നം . 7/2016/ ധന; തീയതി 20.01.2016

2 ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 24.06.2017-ലെ ബി ആർ ഡി സി / പി ആർ എസ്/ ജിഎൻ 23/2017/3334 നമ്പർ കത്ത്.

## ഉത്തരവ്

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച പരാമർശം (1) ഉത്തരവിന്റെ ആനുകൂല്യം ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നതിനുള്ള പ്രൊപ്പോസൽ ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, പരാമർശം (2) പ്രകാരം സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം , അലവൻസുകൾ , മറ്റ് ആനുകൂല്യങ്ങൾ എന്നിവ പരാമർശം (1) ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്കും 2018-2019 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ബി ആർ ഡി സി ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുവാൻ പാടുള്ളൂ എന്ന വ്യവസ്ഥയ്ക്കും വിധേയമായി പരിഷ്കരിച്ച് ഉത്തരവാകുന്നു.

നിലവിലുള്ളതും പുതുക്കിയതുമായ ശമ്പള സ്കെയിലുകൾ താഴെ പറയും പ്രകാരമാണ് .

| ക്രമ നമ്പർ | തസ്തിക | തസ്തികയുടെ നിലവിലെ എണ്ണം | നിലവിലെ ശമ്പളം | പുതുക്കിയ ശമ്പളം |
|---|---|---|---|---|
| 1 | ജനറൽ മാനേജർ | 0 | 40640-57440 | 77400-115200 |
| 2 | കമ്പനി സെക്രട്ടറി | 1 | 36140-49740 | 68700-110400 |

| | | | | |
|---|---|---|---|---|
| 3 | മാനേജർ ( ടെക്നിക്കൽ ) | 1 | 36140-49740 | 68700-110400 |
| 4 | മാനേജർ ( ഫിനാൻസ് ) | 1 | 36140-49740 | 68700-110400 |
| 5 | മാനേജർ ( ലാൻഡ് അക്വിസിഷൻ ) | 0 | 36140-49740 | 68700-110400 |
| 6 | മാനേജർ ( പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ ) | 1 | 36140-49740 | 68700-110400 |
| 7 | അസിസ്റ്റന്റ് മാനേജർ (ടെക്നിക്കൽ ) | 2 | 21240-37040 | 40500-85000 |
| 8 | അസിസ്റ്റന്റ് മാനേജർ (പ്രോപർട്ടി മാനേജ്മെന്റ് ) | 1 | 21240-37040 | 40500-85000 |
| 9 | സെക്രട്ടറി ടു മാനേജിംഗ് ഡയറക്ടർ | 1 | 13900-24040 | 26500-56700 |
| 10 | സെക്രട്ടറി ടു ജനറൽ മാനേജർ | 1 | 13900-24040 | 26500-56700 |
| 11 | അസിസ്റ്റന്റ് | 3 | 11620-20240 | 22200-48000 |
| 12 | ഡ്രൈവർ | 2 | 9190-15780 | 18000-41500 |
| 13 | അറ്റൻഡർ | 4 | 8500-13210 | 16500-35700 |

1 . ഒരു സാഹചര്യത്തിലും ഒരു തസ്തികയുടെയും ശമ്പള സ്കെയിലുകൾ ഉയർത്തി നൽകുവാൻ പാടുള്ളതല്ല .

2 . ഒരു വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ 22.10.2001 - ലെ ജി. ഒ ( പി) നം .1208/2001/ ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ് .

3. ക്ഷാമബത്ത 20.01.2016 - ലെ ജി . ഒ (പി) നം . 7/2016/ ധന നമ്പർ ഉത്തരവ് , ധനകാര്യവകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പ്രകാരമായിരിക്കും . ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവ്വീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 20.01.2016 - ലെ ജി . ഒ ( പി ) നം . 7/2016/ ധന നമ്പർ ഉത്തരവിന്റെ അനക്സർ - II - ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് . സർവ്വീസ് വെയിറ്റേജിന് BRDC - ലെ റഗുലർ സർവ്വീസ് മാത്രമേ പരിഗണിക്കുകയുള്ളൂ .

4. വീട്ടു വാടക ബത്ത 20.01.2016 - ലെ ജി . ഒ ( പി ) നം . 7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14 - ലെ വ്യവസ്ഥകൾക്കനുസരിച്ച് അനുവദിക്കാവുന്നതാണ് . സിറ്റി കോമ്പൻസേറ്ററി അലവൻസ് 20.01.2016 - ലെ ജി . ഒ . ( പി ) നം . 7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 - ലെ വ്യവസ്ഥകളനുസരിച്ച് അനുവദനീയമാണ് . ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ് . മുകളിൽ പറഞ്ഞിരിക്കുന്ന അലവൻസുകളൊഴികെ മറ്റൊരു അലവൻസും അനുവദനീയമല്ല .

5. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പുതിയ തസ്തികകൾ ( റഗുലർ , താൽക്കാലികം , കരാർ , ദിവസക്കൂലി മുതലായവ ) സൃഷ്ടിക്കുവാനോ നിലവിലുള്ളവ ഉയർത്തുവാനോ തസ്തികകൾ പുനർനാമകരണം ചെയ്യുവാനോ പാടുള്ളതല്ല .

6. സർക്കാരിന്റെ അനുമതിയോടു കൂടി സൃഷ്ടിക്കപ്പെടാത്ത തസ്തികകളിൽ ( റഗുലർ , താൽക്കാലിക , ഫുൾ ടൈം , പാർട്ട് ടൈം , ദിവസക്കൂലി , കരാർ മുതലായവ ) ആരേയും നിയമിക്കാൻ പാടില്ല .

7. ശമ്പളാനുകൂല്യങ്ങളുടെ പ്രാബല്യ തീയതി , സമയബന്ധിത ഹയർ ഗ്രേഡ് എന്നിവ 20.01.2016 ലെ ജി.ഒ (പി ) നം .7/2016/ ധന ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും .

8. ശമ്പള - ക്ഷാമബത്ത കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ആശ്രയിച്ച് ഡയറക്ടർ ബോർഡ് തീരുമാനമെടുക്കേണ്ടതാണ്

9. ശമ്പള പരിഷ്കരണത്തിനാവശ്യമായ അധിക സാമ്പത്തിക ബാധ്യത ബോർഡ് സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ് . സർക്കാർ ഈയിനത്തിൽ ധനസഹായം നൽകുന്നതല്ല .

10. ഇ . പി . എഫ് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .

1 1 . ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ടെങ്കിൽ ശമ്പള പരിഷ്കരണകുടിശ് ശികയിൽ തട്ടിക്കിഴിക്കേണ്ടതാണ് .

12. ശമ്പള പരിഷ്കരണം പ്രസ്തുത ഉത്തരവിലെ നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വ്യതിയാനമുണ്ടാക്കി നടപ്പാക്കിയാൽ ആയതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവാദിയായിരിക്കും .

13. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുമ്പ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**റാണി ജോർജ്ജ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിങ് ഡയറക്ടർ , ബേക്കൽ റിസോർട്ട്സ് ഡവലപ്മെൻറ് കോർപ്പറേഷൻ, രണ്ടാംനില കെ വി എസ് ഹൈപ്പർ മാർക്കറ്റ്, പാലക്കുന്ന്, ബേക്കൽ പി ഒ , കാസർഗോഡ് 671 318
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് I&II ),കേരള, തിരുവനന്തപുരം
പൊതു ഭരണ ( എസ്.സി) വകുപ്പ് (24.12.2020 ലെ ഇനം 4427 പ്രകാരം)
ധന കാര്യ വകുപ്പിന് (ഫയൽ PU-C3/97/2017-FIN പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-12-2020

ഫയൽ നം. ടൂർ-ബി1/115/2017-ടൂർ. ഇനം നം: 4427

വിഷയം : ടൂറിസം വകുപ്പ് - ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, ടൂറിസം വകുപ്പ്.

28/12/2020
03.00 pm

**കേരള സർക്കാർ**

**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ടൂർ -ബി1 /115/2017-ടൂർ |
| 2. | വകുപ്പ് | : | ടൂറിസം (ബി) വകുപ്പ് |
| 3. | വിഷയം | : | ടൂറിസം- ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെൻറ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം- സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി ; | : | 30.10.2020 |
| 5. | (1) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(2) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | :<br>: | 1) അതെ<br>2) ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | ശ്രീ റ്റി ആർ ജയപാൽ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | : | ശ്രീമതി റാണി ജോർജ്ജ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 16/12/2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് ; | | ഡോ . വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി ; | : | 21/12/2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് ; | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | | 22/12/2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 22/12/2020 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി ; | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും; | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച **20.01.2016 - ലെ സ . ഉ ( പി ) നം . 7/2016/** ധന നമ്പർ ഉത്തരവിന്റെ ആനുകൂല്യം ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം , അലവൻസുകൾ , മറ്റ് ആനുകൂല്യങ്ങൾ എന്നിവ 20.01.2016 - ലെ സ . ഉ ( പി ) നം .7/2016/ ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം പരിഷ്കരിക്കുന്നതിനായി ബി ആർ ഡി സി മാനേജിങ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ശമ്പള പരിഷ്കരണം നടപ്പാക്കുമ്പോഴുള്ള അധിക വാർഷിക സാമ്പത്തിക ബാധ്യത 11,08,884/- രൂപയാണെന്നും ആയത് ബി ആർ ഡി സി യുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തുമെന്നും 2017-2018 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും 2018-2019 ലെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് 2021 ജനുവരി 31 നകം പൂർത്തിയാക്കുമെന്നും ബി.ആർ.ഡി.സി. മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ബി ആർ ഡി സി സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു .

*"ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം , അലവൻസുകൾ , മറ്റ് ആനുകൂല്യങ്ങൾ എന്നിവ 20.01.2016 - ലെ സ . ഉ ( പി ) നം .7/2016/ ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കാവുന്നതാണ് .*

| ക്രമ നമ്പർ | തസ്തിക | തസ്തികയുടെ നിലവിലെ എണ്ണം | നിലവിലെ ശമ്പളം | പുതുക്കിയ ശമ്പളം |
|---|---|---|---|---|
| 1 | ജനറൽ മാനേജർ | 0 | 40640-57440 | 77400-115200 |
| 2 | കമ്പനി സെക്രട്ടറി | 1 | 36140-49740 | 68700-110400 |
| 3 | മാനേജർ ( ടെക്നിക്കൽ ) | 1 | 36140-49740 | 68700-110400 |

| | | | | |
|---|---|---|---|---|
| 4 | മാനേജർ ( ഫിനാൻസ് ) | 1 | 36140-49740 | 68700-110400 |
| 5 | മാനേജർ ( ലാൻഡ് അക്വിസിഷൻ ) | 0 | 36140-49740 | 68700-110400 |
| 6 | മാനേജർ ( പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ ) | 1 | 36140-49740 | 68700-110400 |
| 7 | അസിസ്റ്റന്റ് മാനേജർ (ടെക്നിക്കൽ ) | 2 | 21240-37040 | 40500-85000 |
| 8 | അസിസ്റ്റന്റ് മാനേജർ (പ്രോപർട്ടി മാനേജ്മെന്റ് ) | 1 | 21240-37040 | 40500-85000 |
| 9 | സെക്രട്ടറി ടു മാനേജിംഗ് ഡയറക്ടർ | 1 | 13900-24040 | 26500-56700 |
| 10 | സെക്രട്ടറി ടു ജനറൽ മാനേജർ | 1 | 13900-24040 | 26500-56700 |
| 11 | അസിസ്റ്റന്റ് | 3 | 11620-20240 | 22200-48000 |
| 12 | ഡ്രൈവർ | 2 | 9190-15780 | 18000-41500 |
| 13 | അറ്റൻഡർ | 4 | 8500-13210 | 16500-35700 |

*1. ഒരു സാഹചര്യത്തിലും ഒരു തസ്തികയുടെയും ശമ്പള സ്കെയിലുകൾ ഉയർത്തി നൽകുവാൻ പാടുള്ളതല്ല .*

*2. ഒരു വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ 22.10.2001 - ലെ ജി . ഒ ( പി ) നം . 1208/2001/ ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ് .*

*3. ക്ഷാമബത്ത 20.01.2016 - ലെ ജി . ഒ ( പി ) നം . 7/2016/ ധന നമ്പർ ഉത്തരവ് , ധനകാര്യവകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പ്രകാരമായിരിക്കും . ശമ്പള*

നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവ്വീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ '20.01.2016 – ലെ ജി . ഒ ( പി ) നം . 7/2016/ ധന നമ്പർ ഉത്തരവിന്റെ അനക്സർ – II – ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് . സർവ്വീസ് വെയിറ്റേജിന് BRDC – ലെ റഗുലർ സർവ്വീസ് മാത്രമേ പരിഗണിക്കുകയുള്ളൂ .

4. വീട്ടു വാടക ബത്ത 20.01.2016 – ലെ ജി . ഒ ( പി ) നം . 7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14 – ലെ വ്യവസ്ഥകൾക്കനുസരിച്ച് അനുവദിക്കാവുന്നതാണ് . സിറ്റി കോമ്പൻസേറ്ററി അലവൻസ് 20.01.2016 – ലെ ജി . ഒ . ( പി ) നം . 7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 – ലെ വ്യവസ്ഥകളനുസരിച്ച് അനുവദനീയമാണ് . ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ് . മുകളിൽ പറഞ്ഞിരിക്കുന്ന അലവൻസുകളൊഴികെ മറ്റൊരു അലവൻസും അനുവദനീയമല്ല .

5. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പുതിയ തസ്തികകൾ ( റഗുലർ , താൽക്കാലികം , കരാർ , ദിവസക്കൂലി മുതലായവ ) സൃഷ്ടിക്കുവാനോ നിലവിലുള്ളവ ഉയർത്തുവാനോ തസ്തികകൾ പുനർനാമകരണം ചെയ്യുവാനോ പാടുള്ളതല്ല .

6. സർക്കാരിന്റെ അനുമതിയോടു കൂടി സൃഷ്ടിക്കപ്പെടാത്ത തസ്തികകളിൽ ( റഗുലർ , താൽക്കാലിക , ഫുൾ ടൈം , പാർട്ട് ടൈം , ദിവസക്കൂലി , കരാർ മുതലായവ ) ആരേയും നിയമിക്കാൻ പാടില്ല .

7. ശമ്പളാനുകൂല്യങ്ങളുടെ പ്രാബല്യ തീയതി , സമയബന്ധിത ഹയർ ഗ്രേഡ് എന്നിവ 20.01.2016 ലെ ജി . ഒ ( പി ) നം .7/2016/ ധന ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും .

8. ശമ്പള – ക്ഷാമബത്ത കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ആശ്രയിച്ച് ഡയറക്ടർ ബോർഡ് തീരുമാനമെടുക്കേണ്ടതാണ്

9. ശമ്പള പരിഷ്കരണത്തിനാവശ്യമായ അധിക സാമ്പത്തിക ബാധ്യത ബോർഡ് സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ് . സർക്കാർ ഈയിനത്തിൽ ധനസഹായം നൽകുന്നതല്ല .

10. ഇ . പി . എഫ് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .

11. ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ടെങ്കിൽ ശമ്പള പരിഷ്കരണകുടിശ്ശികയിൽ തട്ടിക്കിഴിക്കേണ്ടതാണ് .

12. ശമ്പള പരിഷ്കരണം പ്രസ്തുത ഉത്തരവിലെ നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വ്യതിയാനമുണ്ടാക്കി നടപ്പാക്കിയാൽ ആയതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവാദിയായിരിക്കും .

13. പ്ലാനിംഗ് ( ബിപി . ഇ ) വകുപ്പിന്റെ അനുമതിയോടുകൂടി മാത്രമേ ശമ്പളപരിഷ്കരണം നടപ്പാക്കാൻ പാടുള്ളൂ .

*14. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുമ്പ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.*

*ശമ്പള പരിഷ്കരണ ശുപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയക്കുകയും ചെയ്യേണ്ടതാണ് .*

*ഇതിന് ബഹു . ധനകാര്യമന്ത്രിയുടെ അംഗീകാരമുണ്ട് . "*

3) 25.09.2020 ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന പബ്ലിക്ക് എന്റർപ്രൈസസ് ബോർഡ് (പി.ഇ.ബി) യോഗം ഈ വിഷയം പരിശോധിക്കുകയും ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരവും 2018-2019 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ബി ആർ ഡി സി ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുവാൻ പാടുള്ളൂ എന്ന വ്യവസ്ഥയിലും ബി ആർ ഡി സി ജീവനക്കാരുടെ 01 .07 .2014 മുതലുള്ള പത്താം ശമ്പള പരിഷ്കരണത്തിന്റെ പ്രൊപ്പോസലിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട് .

4) മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരവും 2018-2019 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ബി ആർ ഡി സി ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുവാൻ പാടുള്ളൂ എന്ന വ്യവസ്ഥയിലും 20.01.2016 - ലെ സ . ഉ ( പി ) നം . 7/2016/ ധന നമ്പർ ഉത്തരവിന്റെ ആനുകൂല്യം ബി ആർ ഡി സി ജീവനക്കാർക്ക് ബാധകമാക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കാര്യത്തിൽ അനുമതിക്കായി ഫയൽ ബഹു:മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി .

## തീരുമാനിക്കേണ്ട വിഷയം

സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിച്ച 20.01.2016 - ലെ സ . ഉ ( പി ) നം. 7/2016/ ധന നമ്പർ ഉത്തരവിന്റെ ആനുകൂല്യം ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെൻറ് കോർപ്പറേഷനിലെ സർക്കാർ അംഗീകരിച്ച തസ്തികകളിലുള്ള ജീവനക്കാർക്ക് , ധനകാര്യ വകുപ്പും പബ്ലിക് എന്റർപ്രൈസസ് ബോർഡും നിർദ്ദേശിച്ച വ്യവസ്ഥകൾ അനുസരിച്ച് ബാധകമാക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?